

## റൂമി കഥകൾ –3

# തത്തയും ദർവേശും

ഒരു വ്യാപാരി ഒരു തത്തയെ വളർത്തിയിരുന്നു. നല്ല അഴകുള്ള തത്ത. മനുഷ്യരെപ്പോലെ സംസാരിക്കാൻ കഴിവുള്ളത്.

വ്യാപാരി പുറത്തുപോകുമ്പോഴൊക്കെ തത്തക്കായിരുന്നു കടയുടെ മേൽ നോട്ടം.

ഒരിക്കൽ അയാൾ കട തത്തയെ ഏൽപ്പിച്ച് വീട്ടിൽ പോയി. ആ സമയത്ത് എലിയെ ഓടിച്ചു കൊണ്ട് ഒരു കണ്ടൻ പൂച്ച അതു വഴി വന്നു. പേടിച്ചരണ്ട തത്ത കടക്കകത്തെ അലമാരക്കു മീതെ ഒളിച്ചു. വെപ്രാളത്തിനിടയിൽ അവിടെ



▶▶ ഏറ്റവും വരണ്ട സ്ഥലം- ഡെസേർട്ട് ഓഫ് ദി-അറ്റകാമ (ചിലി)

## വസൂരി വിമുക്ത ലോകം

1980 മെയ് 8-ന് ലോകം മുഴുവനും വസൂരിയിൽനിന്നു മുക്തി നേടിയതായി വേൾഡ് ഹെൽത്ത് അസംബ്ലി പ്രഖ്യാപിച്ചു. വൈദ്യശാസ്ത്രത്തിന്റെ എക്കാലത്തെയും നേട്ടങ്ങളിലൊന്നായി ഇതിനെ കണക്കാക്കുന്നു.



വർഷം തോറും 150 ലക്ഷം ആളുകളെ രോഗികളാക്കുകയും 20 ലക്ഷം ആളുകളെ കൊന്നൊടുക്കുകയും ആയിരക്കണക്കിനാളുകളുടെ കാഴ്ച നഷ്ടപ്പെടുത്തുകയും ചെയ്തിരുന്ന വസൂരിയെന്ന മാരക രോഗം. രോഗങ്ങളിലെ വില്ലാളി വീരൻ തന്നെയായിരുന്നു. ലോകാരോഗ്യ സംഘടനയുടെ കീഴിൽ ലോകമെമ്പാടും വസൂരിക്കെതിരെ നടന്ന രോഗപ്രതിരോധ നിവാരണ പ്രവർത്തനങ്ങളുടെ ഫലമായാണ് പകർച്ചവ്യാധിയായ ഈ ക്രൂരനെ ഉന്മൂലനം ചെയ്തത്.

സൂക്ഷിച്ചിരുന്ന എണ്ണ ഭരണികളിൽ ചിലത് തട്ടിവീണ് ഉടഞ്ഞു. തറയിലാകെ എണ്ണയൊഴുകി. തിരിച്ചെത്തിയ വ്യാപാരി ഈ കാഴ്ച കണ്ട് കോപാകുലനായ തത്തയുടെ തലക്കൊരു കിഴുക്കു കൊടുത്തു. അസഹ്യമായ വേദനക്കൊപ്പം അന്യായമായി അടികൊണ്ടതിൽ തത്തക്ക് വലിയ നാണക്കേടു തോന്നുകയും ചെയ്തു. അതോടെ തത്ത സംസാരം നിർത്തി.

പാവം തത്തയെ ഉപദ്രവിച്ചതിൽ പിന്നീട് വ്യാപാരിക്ക് പശ്ചാത്താപമുണ്ടായി. അയാൾ തത്തയെ പ്രസാദിപ്പിക്കാൻ പലവഴിക്കും ശ്രമിച്ചു നോക്കി. പക്ഷെ അത് വാതുറന്നതേയില്ല.

ഒരു ദിവസം ഒരു മൊട്ടത്തലയൻ ദർവേശ് വളരെ വിനീതനും വിവശനുമായി കടയുടെ മുന്നിലൂടെ കടന്നുപോയി. അദ്ദേഹത്തെ കണ്ടതും തത്ത ഉച്ചത്തിൽ വിളിച്ചു ചോദിച്ചു:

''ഏയ് പാവത്താനേ, എണ്ണ ഭരണികൾ തട്ടിയുടഞ്ഞതിന്റെ പേരിൽ നിങ്ങളും അന്യായമായി അപമാനിക്കപ്പെട്ടുവോ?''

കടയിലുണ്ടായിരുന്നവർ അത് കേട്ട് ആർത്തു ചിരിച്ചു.

കരുതരുതൊരിക്കലും നിസ്സാരരായ് നാമെന്നാൽ പരിശുദ്ധരാം ദൈവദാസന്മാരെ.

ശേറും ശീറും എഴുത്തിലൊന്നാണെങ്കിലുമതി വിപുലമാണർത്ഥവ്യത്യാസം.

**സമ്പാ: ആദിൽ മുഹമ്മദ്**

*ശേർ = സിംഹം, ശീർ = പാൽ. ഫാർസി, ഉറുദു ഭാഷകളിൽ ഈ പദങ്ങളുടെ ഉച്ചാരണത്തിലുള്ള വ്യത്യാസം ലിപി വിന്യാസത്തിൽ ഇല്ല.

▶▶ ഏറ്റവും ഉയരം കൂടിയ സമതലം- തിബറ്റ്